**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 579** **24-08-2022 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പിന് കീഴിൽ ആലപ്പുഴ ജില്ലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും, അവ നടത്തുന്ന ഉൽപാദനങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ ; | (എ) | മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സ്ഥലസൗകര്യം ഉറപ്പ് വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | ആവശ്യമായ സ്ഥലത്തിന് പുറമെയുള്ള സ്ഥലങ്ങളിൽ മറ്റ് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | ആലപ്പുഴ ജില്ലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ | Ans. A | Ans.B | Ans.C |
|---|---|---|---|---|
| 1. | **കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്** | അലോപ്പതി മരുന്നുകളുടെ ഉൽപ്പാദനവും വിപണനവും | ഉണ്ട്. | 351/ 1 സർവ്വേ നമ്പറിൽ ഉൾപ്പെട്ട 5 ഹെക്ടർ 72 ആർ സ്ഥലത്തിനു പുറമെയുള്ള സർവ്വേ നമ്പർ 501/ 4, 501 / 3, 501 / 7, 501 / 5 ഉൾപ്പെട്ട 2 ഹെക്ടർ 58 ആർ സ്ഥലത്ത് ഓങ്കോളജി പാർക്ക് തുടങ്ങുന്ന-തിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| 2. | **ആലപ്പുഴ സഹകരണ സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്** | കോട്ടൺ നൂൽ ഉൽപ്പാദിപ്പിക്കുന്നു | ഉണ്ട്. | അധികമായി കിടക്കുന്ന 2.59 ഏക്കർ സ്ഥലം കിൻഫ്രയുമായി ചേർന്ന് വ്യവസായങ്ങൾ തുടങ്ങുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ നടപടി സ്വീകരിച്ചു വരുന്നു. |
| 3. | **ആട്ടോകാസ്റ്റ് ലിമിറ്റഡ്** | ആട്ടോകാസ്റ്റിൽ G I, S G I സ്റ്റീൽ കാസ്റ്റിങ്ങുകളാണ് ഉത്പാദിപ്പിക്കുന്നത് | ഉണ്ട്. | അധിക സ്ഥലങ്ങളിൽ BPCL, ANERT മുതലായ കേന്ദ്ര സംസ്ഥാന പൊതുമേഖല/ ഏജൻസികളുമായി സഹകരിച്ച് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 4. | **സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് - [ചേർത്തലയിലുള്ള ഫാബ്രിക്കേഷൻ** | സിൽക്കിന്റെ ചേർത്തലയിലുള്ള ഫാബ്രിക്കേഷൻ യൂണിറ്റിൽ ഹെവി ഫാബ്രിക്കേഷൻ ജോലികളും | ഉണ്ട്. | ചേർത്തല യൂണിറ്റിൽ അധികമായിട്ടുള്ള സ്ഥലത്ത് സിൽക്കിന്റെ മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള വികസന പ്രവർത്തനങ്ങൾ നടത്തേണ്ട-തായിട്ടുണ്ട്. തുറവൂർ യൂണിറ്റിൽ |

| | | | | |
|---|---|---|---|---|
| | **യൂണിറ്, തുറവൂർ ഉള്ള ജനറൽ എഞ്ചിനീയറിംഗ് വർക്സ്]** | സ്റ്റോറേജ് നിർമ്മാണവും തുറവൂർ ഉള്ള ജനറൽ എഞ്ചിനീയറിംഗ് വർക്സിൽ ലൈറ്റ് ഫാബ്രിക്കേഷൻ വർക്കും ഹോസ്പിറ്റൽ ഫർണിച്ചറും നിർമ്മിക്കുന്നു. | | ആവശ്യമായ സ്ഥലം മാത്രമേ ഉള്ളൂ. |
| 5. | **കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ്"** **[കോമളപുരത്ത് കോമളപുരം സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസും ചെങ്ങന്നൂരിൽ പ്രഭുറാം മിൽസും സ്ഥിതി ചെയ്യുന്നു]** | ടെക്സ്റ്റൈൽ കോർപ്പറേഷന് കീഴിൽ കോമളപുരത്ത് കോമളപുരം സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസും ചെങ്ങന്നൂരിൽ പ്രഭുറാം മിൽസും സ്ഥിതി ചെയ്യുന്നു. പ്രഭുറാം മിൽസിൽ 100 % കോട്ടൺ & പോളിസ്റ്റർ ബ്ലെൻഡ് നൂൽ ഉൽപ്പാദിപ്പിക്കുന്നു. കോമളപുരം സ്പിന്നിംഗ് മില്ലിൽ ഈ നൂലുകൾക്ക് പുറമെ തുണിത്തരങ്ങളും ഉല്പാദിപ്പിക്കുന്നു. | ഉണ്ട്. | പ്രഭുറാം മിൽസിന്റെ ബാക്കിയുള്ള 5.18 ഏക്കർ സ്ഥലം ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്ക് തുടങ്ങാൻ കിൻഫ്രക്ക് കൈമാറി. 2.49 ഏക്കർ സ്ഥലം കെ.എസ്.ഇ.ബി.യുടെ 110 kv സബ്സ്റ്റേഷൻ നിർമാണ പ്രവർത്തനത്തിനു കൈമാറുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. കോമളപുരം സ്പിന്നിംഗ് ആന്റ് വീവിംഗ് മില്ലിന്റെ അധികമുള്ള സ്ഥലം മില്ലിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| 6. | **മലബാർ സിമന്റ്സ്** | ഗ്രൈൻഡിങ് യൂണിറ്റ് ആലപ്പുഴ | ഉണ്ട്. | നിലവിൽ കമ്പനി സ്ഥിതി ചെയ്യുന്ന സ്ഥലത്ത് കമ്പനിയുടെ |

| | | | | |
|---|---|---|---|---|
| | **ലിമിറ്റഡ്** | ജില്ലയിലെ ചേർത്തലയിൽ പ്രവർത്തിച്ചു വരുന്നു. | | ദൈനംദിന പ്രൊഡക്ഷൻ ആവശ്യങ്ങൾക്ക് അനുയോജ്യമായ സ്ഥലം മാത്രമേയുള്ളൂ. അധിക സ്ഥലം കൈവശമില്ല. |
| 7. | **കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്**<br><br>**[അരൂരിൽ കെൽട്രോൺ കൺട്രോൾസ് പ്രവർത്തിക്കുന്നു]** | ആലപ്പുഴ ജില്ലയിലെ അരൂരിൽ കെൽട്രോൺ കൺട്രോൾസ് പ്രവർത്തിക്കുന്നുണ്ട്. ഡിഫൻസ് ഇലക്ട്രോണിക്സ് സംവിധാനങ്ങളുടെ നിർമാണവും അസംബ്ലിംഗും, കൺട്രോൾ & ഇൻസ്ട്രുമെന്റേഷൻ ഉപകരണങ്ങളുടെ നിർമാണം, സൗരോർജ്ജ പദ്ധതികൾ, സിസ്റ്റം ഡിസൈൻ എഞ്ചിനീയറിംഗ്, കസ്റ്റമൈസ്ഡ് സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ് , ശാരീരിക പരിമിതികൾ നേരിടുന്നവർക്കുള്ള ഉപകരണങ്ങൾ, ന്യൂമാറ്റിക് ഉൽപ്പന്നങ്ങൾ മുതലായവ നിർമ്മിക്കുന്നു. | ഉണ്ട്. | യൂണിറ്റിന്റെ നവീകരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. |
| 8. | **കേരള സ്മാൾ** | ആലപ്പുഴ | ഉണ്ട്. | ആലപ്പുഴ ജില്ലയിൽ ചേർത്തല, |

| | | | | |
|---|---|---|---|---|
| | **ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്** | ജില്ലയിൽ സിഡ്കോയുടെ മാർക്കറ്റിങ് / റോ മെറ്റീരിയൽ / പ്രൊഡക്ഷൻ / ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ എന്നിവയുടെ ഉപകാര്യാലയങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇതിൽ മാർക്കറ്റിങ് / റോ മെറ്റീരിയൽ / ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ എന്നീ വിഭാഗങ്ങളിൽ സ്വന്തമായി ഉത്പാദനം നടത്തുന്നില്ല. പ്രൊഡക്ഷൻ വിഭാഗത്തിന്റെ കീഴിൽ കൊല്ലകടവ് വുഡ് വർക്ക് ഷോപ്പിൽ സ്റ്റീൽ, വുഡൻ ഫർണിച്ചറുകൾ ഉല്പാദിപ്പിക്കുന്നു. | | കൊല്ലക്കടവ്, കടകരപ്പള്ളി, മാരാരിക്കുളം എന്നീ വ്യവസായ എസ്റ്റേറ്റുകളിൽ അധികമായി വരുന്ന സ്ഥലം പുതിയ വ്യവസായികൾക്ക് സംരംഭം ആരംഭിക്കുന്നതിന് അനുവദിച്ച നൽകുന്നതാണ്. |
| 9. | **കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ്** | വിവിധ കയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നു | ഉണ്ട്. | നിലവിൽ പരിഗണനയിലില്ല |
| 10. | **ഫോം മാറ്റിംഗ്സ് (ഇന്ത്യാ) ലിമിറ്റഡ്** | കയർ, ജൂട്ട്, സൈസൽ | ഉണ്ട്. | നിലവിൽ പരിഗണനയിലില്ല |

| | | | | |
|---|---|---|---|---|
| | | എന്നിവ കൊണ്ടുള്ള വിവിധ ഉൽപ്പന്നങ്ങൾ, കയർ, കോമ്പോസിറ്റ് ബോർഡുകൾ എന്നിവ നിർമ്മിക്കുന്നു. | | |
| 11. | **കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ച്വറിംഗ് കമ്പനി ലിമിറ്റഡ്** | കയർ മേഖലയ്ക്ക് ആവശ്യമായ യന്ത്രങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യുന്നു. | ഉണ്ട്. | നിലവിൽ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ